# AKHILA MALANKARA ORTHODOX ALMAYA VEDHI

**Reg. No. K - 713/2005**

**Post Box No. 652, Kottayam 686 001**

**E-mail: almayavedhi@yahoo.co.in**

**Web: www.malankaraorthodoxalmayavedi.org**

**Phone: 93497 54448**



**കെ. വി. ഏബ്രഹാം കൊടുവത്ത്**
(പ്രസിഡന്റ്)
ഫോൺ: 93874 27940

**സാബു വടകര**
(വൈസ് പ്രസിഡന്റ്)
ഫോൺ: 94474 56969

**ക്യാപ്റ്റൻ കോശി മത്തായി**
(വൈസ് പ്രസിഡന്റ്)
ഫോൺ: 93876 10283

**തോമസ് ചാണ്ടി**
(ജനറൽ സെക്രട്ടറി)
ഫോൺ: 0481 - 2517406, 3257546, 93494 37714

**കുര്യൻ പി. കുര്യൻ**
(ട്രഷറർ)
ഫോൺ: 93876 05735

**ജയിംസ് പാമ്പാടി**
(സെക്രട്ടറി)
ഫോൺ: 94477 06865

**ഫീലിപ്പോസ് പോട്ടയ്ക്കാവയലിൽ**
(സെക്രട്ടറി)
(എഡിറ്റർ, അൽമായവേദി)
ഫോൺ: 93497 54448

**ബാബു വെട്ടുവേലിൽ**
(സെക്രട്ടറി)
ഫോൺ: 0481 - 2457776


## ഡോ. പി. സി. അലക്സാണ്ടറുടെ നിർദ്ദേശങ്ങൾ അസ്വീകാര്യം: അൽമായവേദി

കോട്ടയം: ഡോ. പി. സി. അലക്സാണ്ടർ സഭാപ്രശ്നങ്ങൾ പരിഹരിക്കാൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ തീർത്തും അസ്വീകാര്യമാണ്. രാജ്യതന്ത്രജ്ഞനായ ഡോ. അലക്സാണ്ടർ കാശ്മീർ പ്രശ്നം പരിഹരിക്കുവാൻ കാശ്മീരിന് സ്വയം ഭരണം നൽകണം എന്ന നിർദ്ദേശത്തെ എതിർക്കുന്നതുപോലെ സഭയിലെ വിശ്വാസികൾ സഭാഗാത്രത്തെ പങ്കുവെക്കുന്നതിനെ എതിർക്കുക തന്നെ ചെയ്യും. ഉത്തരേന്ത്യയിലെ ക്രൈസ്തവരെ പീഡിപ്പിക്കുന്ന ശിവസേനയുടെ പിന്തുണയോടെ രാജ്യസഭയിലെത്തിയ അദ്ദേഹം ഇപ്പോൾ സഭാ പ്രശ്നത്തിലിടപെടുന്നത് ദുരൂഹമാണ്. കാതോലിക്കാബാവായുടെ കീഴിൽ പാത്രിയർക്കീസുമാരെ വാഴിക്കണമെന്ന് മുമ്പു പറഞ്ഞ അദ്ദേഹം ഇപ്പോൾ മുൻ നിലപാടിനു വിരുദ്ധമായി കാതോലിക്കാ ബാവായെത്തന്നെ പാത്രിയർക്കീസാക്കണമെന്നു പറയുന്നത് തന്നെ പ്രശ്നം വേണ്ടവിധം പഠിച്ചിട്ടില്ല എന്നതിന് തെളിവാണ്. സർക്കാരിലെയോ കോർപ്പറേറ്റ് കമ്പനികളിലെയോ ഉദ്യോഗപ്പേരുകൾ മാറ്റുന്ന ലാഘവത്തോടെ സഭാസ്ഥാനികളുടെ സ്ഥാനനാമങ്ങൾ തട്ടിക്കളിക്കുവാനുള്ളതല്ല. നൂറ്റാണ്ടുകളിലെ സഭയുടെ പ്രയാണങ്ങളിലൂടെ ഉരുത്തിരിഞ്ഞുവന്ന പൈതൃകങ്ങൾ ചിലരുടെ ഒഴിവുകാല വിനോദങ്ങൾക്കായി വിട്ടുകൊടുക്കാൻ സഭാമക്കൾക്കാവില്ല. വിഭജിച്ചു പിരിയണമെങ്കിൽ മുപ്പതിലേറെ വർഷം കേസു നടത്തിയതും മലങ്കര വർഗ്ഗീസ്, ഓനാൻകുഞ്ഞ് മുതലായവരുടെ രക്തസാക്ഷിത്വത്തിനിടയാക്കിയതുമെല്ലാം എന്തിനാണ്? സുപ്രീംകോടതിയിലെ കേസ് നിർണ്ണായകമായ ഘട്ടത്തിലേക്ക് നീങ്ങുന്ന ഈ ഘട്ടത്തിൽ അതിനെ അട്ടിമറിക്കാനും വിഘടിതർക്ക് ഇല്ലാത്ത അവകാശങ്ങൾ സിദ്ധിക്കുവാനും മാത്രമേ ഈ നടപടികൾ സഹായകമാവുകയുള്ളു.

ഭരണഘടനയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്ഥാനം വെട്ടിമാറ്റുകയോ സഭയുടെ പേര് മാറ്റുകയോ ചെയ്യുന്നതിലൂടെ ഒന്നും നേടാനില്ല എന്നുമാത്രമല്ല നിലവിലുള്ള പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാകുകയാകും ഫലം. 1958 ന് മുമ്പും നടന്നിട്ടുള്ള സമാധാനാലോചനകൾ പരാജയപ്പെട്ടത് പാത്രിയർക്കീസ് വിഭാഗത്തിന്റെ മർക്കടമുഷ്ടി മൂലമാണെന്നും സമാധാനമുണ്ടായത് സുപ്രീംകോടതിയിൽനിന്നും വ്യക്തമായ വിധി ലഭിച്ചതിലൂടെയാണെന്നുമുള്ള ചരിത്രം അലക്സാണ്ടറെപ്പോലെ ഉന്നതശീർഷനായ ഒരാൾ എങ്ങനെ മറക്കുന്നു എന്നതും ദുരൂഹമാണ്.

മുൻ പാത്രിയർക്കീസ് വിഭാഗക്കാരെ വ്രണപ്പെടുത്തുവാനും യോജിപ്പിനുള്ള മാർഗ്ഗങ്ങൾ ഇല്ലാതാക്കാനും അതു വഴി വിഭജനം യാഥാർത്ഥ്യമാക്കുവാനുമുള്ള ശ്രമമാണ് അലക്സാണ്ടർ നടത്തുന്നത്.

പരിഗണനപോലുമർഹിക്കാത്ത നിർദ്ദേശങ്ങൾ എന്ന നിലയിൽ അലക്സാണ്ടർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ തള്ളിക്കളയുവാൻ അൽമായവേദി എല്ലാ വിശ്വാസികളെയും ആഹ്വാനം ചെയ്യുന്നു. ദൈവവചനം ശ്രവിക്കുവാനും ധ്യാനിക്കുവാനും കൺവൻഷൻ പന്തലിലെത്തുന്ന ജനത്തെ വഴി തെറ്റിക്കുവാനുള്ള ഇത്തരം പ്രസംഗങ്ങൾ തികച്ചും അപലപനീയമാണ്.

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിക്കു വേണ്ടി

**കെ. വി. ഏബ്രഹാം കൊടുവത്ത്**
(പ്രസിഡന്റ്)

കോട്ടയം
29-1-2007